## വഞ്ചനാ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

W.P. No. 6644/2010 Dt. 28.11.2019

സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ

x

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

അസിസ്റ്റന്റ് ജനറൽ മേനേജർ എന്ന തസ്തികയിൽ ജോലി ചെയ്യുകയായിരുന്ന ഉദ്യോഗസ്ഥൻ ബേങ്കിന്റെ ഇടപാടുകാരനുമായി ഒത്തുകളിച്ച് പതിനൊന്ന് ലക്ഷത്തോളം രൂപ അപഹരിക്കുകയും ഒരു കോടിയിലധികം രൂപയുടെ നഷ്ടം ബേങ്കിന് വരുത്തിവയ്ക്കുകയും ചെയ്തു. അത് കണ്ടുപിടിക്കപ്പെട്ടപ്പോൾ ബേങ്ക് അയാളെ സസ്പെന്റ് ചെയ്യുകയും അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു. കൂടാതെ ഉദ്യോഗസ്ഥനെതിരെ പണാപഹരണത്തിനും വഞ്ചനക്കും കേസെടുക്കാൻ പോലീസിന് പരാതി നല്കുകയും ചെയ്തു. ക്രിമിനൽ കേസിൽ അയാൾ ഏഴ് വർഷത്തെ തടവിന് ശിക്ഷിക്കപ്പെട്ടു. അതിനെതിരെ അയാൾ നല്കിയ അപ്പീൽ കോടതിയുടെ പരിഗണനയിലാണ്. ഗാർഹികാന്വേഷണം പൂർത്തിയാക്കിയ അന്വേഷണ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ഉദ്യോഗസ്ഥനെതിരെ ഉന്നയിച്ച കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തത്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ അയാൾ സമർപ്പിച്ച അപ്പീൽ തള്ളപ്പെട്ടപ്പോൾ അയാൾ വ്യവസായ തർക്കം ഉന്നയിച്ചു. പ്രസ്തുത വ്യവസായ തർക്കം കേന്ദ്ര സർക്കാർ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെങ്കിലും ശിക്ഷ കഠിനമായിപ്പോയിയെന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കുകയും അയാളെ മുൻകാല വേതനം കൂടാതെ തിരിച്ചെടുക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റും തൊഴിലാളിയും ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിച്ചു. തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കണമെന്ന് മേനേജ്മെന്റും മുൻകാല വേതനം നല്കാൻ നിർദ്ദേശിക്കണമെന്ന് തൊഴിലാളിയും ആവശ്യപ്പെട്ടു. പതിനൊന്ന് ലക്ഷത്തോളം രൂപ നഷ്ടം വരുത്തിവയ്ക്കുകയും ക്രിമിനൽ കോടതി തടവിന് ശിക്ഷിക്കുകയും ചെയ്ത വ്യക്തിയെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചത് തെറ്റും അന്യായവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. തൊഴിലാളിക്കെതിരെ തെളിയിക്കപ്പെട്ട കുറ്റം അതീവ ഗുരുതരമായതാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. വഞ്ചനാ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട തൊഴിലാളിയെ അപ്പീൽ നിലവിലുണ്ടെന്ന കാരണത്താൽ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കാനാവില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കിയ ഹൈക്കോടതി മേനേജ്മെന്റിന്റെ അപ്പീൽ അനുവദിക്കുകയും തൊഴിലാളിയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.